**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 440** — **24-08-2022 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക ബാധ്യതകൾ നിറവേറ്റുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2022 ജൂലായ് 31 വരെയുള്ള സംസ്ഥാനത്തിന്റെ കടബാധ്യത എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | അക്കൌണ്ടന്റ് ജനറലിന്റെ സപ്ളിമെന്ററി കണക്കുകൾ പ്രകാരം 31.03.2022 ന് സംസ്ഥാനത്തിന്റെ ആകെ കടബാധ്യത 3,35,653.49 കോടി രൂപയാണ്. |
| (ബി) | ഫിസ്കൽ റെസ്പോൺസിബിലിറ്റി ആന്റ് ബഡ്ജറ്റ് മാനേജ്മെന്റ് ആക്ട് പ്രകാരം കടം വാങ്ങുന്നതിനുള്ള പരിധി സംസ്ഥാനത്തിന്റെ ആഭ്യന്തര മൊത്ത വരുമാനത്തിന്റെ മൂന്ന് ശതമാനം എന്ന നിരക്കിൽ നിലനിർത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത ധന ദൃഢീകരണ പാതയനുസരിച്ച് ധനസംബന്ധമായ സുസ്ഥിരതയ്ക്ക് അനുയോജ്യമായ വിധത്തിൽ റവന്യൂ കമ്മി ക്രമാനുഗതമായി ഇല്ലാതാക്കുന്നതിലൂടെയും കടത്തിന്റെ സ്ഥായിയായ മാനേജ്മെൻറിലൂടെയും ധനസംബന്ധമായ മാനേജ്മെൻറിലും ധനസംബന്ധമായ സുസ്ഥിരതയിലും ജാഗ്രത ഉറപ്പാക്കുന്നതിനായി സർക്കാർ കൊണ്ടുവന്നിട്ടുള്ള നിയമമാണ് 2003 ലെ ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റ്. പ്രസ്തുത നിയമപ്രകാരം, റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാക്കുന്നതിനും കടം-ജിഎസ്ഡിപി അനുപാതം നിശ്ചിത പരിധിയിൽ നിലനിർത്തുന്നതിനും പുറമേ സംസ്ഥാനത്തിന്റെ ധനക്കമ്മി മൊത്ത സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ (ജിഎസ്ഡിപി) 3 ശതമാനമായി നിലനിർത്തേണ്ടതുണ്ട്. 2003-ലെ കേരള ധന സംബന്ധമായ ഉത്തരവാദിത്ത നിയമം 2011 -ൽ ഭേദഗതി വരുത്തിയിരുന്നു. ഇതിനു തുടർച്ചയായി പതിനാലാം ധനകാര്യ കമ്മിഷൻ ശിപാർശ ചെയ്ത ധനസംബന്ധമായ ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ 2003 ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റി ലെ 4-ാം വകുപ്പ് ഭേദഗതി ചെയ്തു കൊണ്ട് ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്റ്റ്, 2018 വിജ്ഞാപനം ചെയ്തിരുന്നു.<br><br>2019-20 ലെ പ്രതികൂല സാമ്പത്തിക സ്ഥിതിയുടെയും 2020-21 ലെ കൊവിഡ് മഹാമാരിയെ തുടർന്നുള്ള |

ലോക്ഡൗൺ നിമിത്തമുണ്ടായ സാമ്പത്തിക മാന്ദ്യത്തിന്റെയും പശ്ചാത്തലത്തിൽ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 3 ശതമാനം വായ്പാ പരിധിക്ക് പുറമെ 2019-20 ൽ 1471 കോടി രൂപയുടെ അധികവായ്പയും 2020-21 ൽ 2 ശതമാനം അധിക വായ്പയും ധനഉത്തരവാദിത്ത ആക്റ്റ് ഭേദഗതി വരുത്തണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നൽകിയിരുന്നു. 2019-20, 2020-21 വർഷങ്ങളിൽ അനുവദിച്ച അധിക വായ്പക്ക് സംസ്ഥാനം അർഹമാകുന്നതിലേക്കായി 2021 ൽ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റ് 2003, വീണ്ടും ഭേദഗതി വരുത്തുകയുണ്ടായി.

2019-20, 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങൾ ഒഴികെ എല്ലാ വർഷങ്ങളിലും ധനകാര്യ കമ്മീഷൻ നിശ്ചയിച്ച നൽകിയിരുന്ന പരിധിക്കുള്ളിൽ തന്നെ സംസ്ഥാനത്തിന്റെ കടവും മൊത്തം ആഭ്യന്തര ഉത്പാദനവും തമ്മിലുള്ള അനുപാതം നിലനിർത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

പ്രതികൂല സാമ്പത്തിക സാഹചര്യങ്ങൾ, തുടരെ തുടരെയുള്ള പ്രളയങ്ങൾ, മഹാമാരിയായ കോവിഡ് എന്നിവയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 3 ശതമാനം വായ്പാ പരിധിക്ക് പുറമെ 2019-20 ൽ 1471 കോടി രൂപയുടെ അധികവായ്പയും 2020-21, 2021-22 എന്നീ വർഷങ്ങളിൽ യഥാക്രമം 2 ശതമാനവും 1.5 ശതമാനവും അധിക വായ്പാപരിധിയും സംസ്ഥാനത്തിന് കേന്ദ്ര സർക്കാർ അനുവദിച്ച നൽകിയിരുന്നു. ഇത് 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ ധനകാര്യ കമ്മീഷൻ നിശ്ചയിച്ച നൽകിയിട്ടുള്ള പരിധി കടക്കുന്നതിന് കാരണമായിട്ടുണ്ട്.

സമ്പദ് വ്യവസ്ഥ കടുത്ത സാമ്പത്തിക മാന്ദ്യത്തിലായിരിക്കുമ്പോൾ ഉയർന്ന കമ്മി അനിവാര്യമാണ്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു മാറ്റവും വരുത്തുന്നില്ല. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തു നിന്നും പുറത്തു നിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ

| | | | |
|---|---|---|---|
| | | | നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ അത് സാദ്ധ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൽ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും നിശ്ചിത പരിധിയിൽ നിർത്തി വായ്പാതുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുക എന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. 2003 ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിന്റെ സെക്ഷൻ 4 ലെ രണ്ടാം ഉപവകുപ്പ് ഭേദഗതി ചെയ്ത് കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്റ്റ് ആക്കുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ജി.എസ്.ടി. വരുമാനത്തിന്റെ പങ്കുവെയ്ക്കൽ അവസാനിച്ച സാഹചര്യത്തിൽ നിലവിലുള്ളതും പുതിയതുമായ സാമ്പത്തിക ബാധ്യതകൾ നിറവേറ്റുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ; | (സി) | സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ടു വരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തു നിന്നും പുറത്തു നിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്.<br><br>ചരക്കു സേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളുമുണ്ടായി.<br><br>പെട്രോളിയം ഉത്പന്നങ്ങൾ, മദ്യം തുടങ്ങിയ ചുരുക്കം ഇനങ്ങൾക്ക് മാത്രമാണ് സംസ്ഥാനങ്ങൾക്ക് ഇപ്പോൾ നികുതി ഏർപ്പെടുത്താൻ അധികാരമുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 12.7 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി സർക്കാർ |

വിഭാവനം ചെയ്തിട്ടുള്ള നിർദ്ദേശങ്ങളും സ്വീകരിച്ചു വരുന്ന നടപടികളും ചുവടെ ചേർക്കുന്നു.

1. ചരക്കു സേവന നികുതിവകുപ്പിനെ പുനസംഘടിപ്പിച്ചുകൊണ്ട് നികുതി ചോർച്ച ഫലപ്രദമായി തടയുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ഇതിനകം തന്നെ ചരക്കു സേവന നികുതി വകുപ്പിന് കീഴിൽ തന്നെ ടാക്സ് പെയെർ സർവ്വീസസ് , ആഡിറ്റ് ആൻറ് ഇന്റലിജൻസ് എൻഫോഴ്സ് മെന്റ് എന്നീ വിഭാഗങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട് .

1. നികുതിയുടെ രംഗത്ത് ആധുനികവൽക്കരണം സാധ്യമാക്കുന്നതിനായി മോഡൽ 2 GSTN സൊല്യൂഷൻ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. 'ടാക്സ് പേയെഴ്സ് പ്രൊഫൈൽ കാർഡ്' എന്ന സംരംഭത്തിലൂടെ നികുതിദായകർക്ക് കൃത്യമായി നികുതി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
2. ലക്കി ബിൽ സ്കീം എന്ന ആപ്ളിക്കേഷനിലൂടെ പൊതുജനങ്ങൾക്ക് ജി.എസ്.റ്റി ബില്ലുകൾ അപ്‌ലോഡ് ചെയ്യുന്നതിനും പ്രസ്തുത ആപ്ളിക്കേഷനിലൂടെ നികുതി ദായകരുടെ റിട്ടേൺ ഫയലിംഗ് സ്റ്റാറ്റസ് സംബന്ധിച്ച വിവരങ്ങൾ സർക്കാരിന് പരിശോധിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
3. ഭൂരേഖകൾ കൈകാര്യം ചെയ്യുന്നതിലെ കേന്ദ്ര ഘടകമായ അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കൽ
4. ഭൂമിയുടെ ന്യായവിലയിലെ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളലും നിലവിലുള്ള ന്യായവില യിൽ 10% ഒറ്റത്തവണ വർദ്ധനവ് നടപ്പിലാക്കലും.
5. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ.
6. 2 ലക്ഷം രൂപ വരെ വിലയുള്ള മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ മോട്ടോർ വാഹന നികുതി 1 % വർദ്ധിപ്പിക്കൽ.
7. മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുകയും വൈദ്യുതി വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഡീസൽ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തൽ.

| | | | |
|---|---|---|---|
| | | | 8. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കൽ.<br>9. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.<br>10. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ.<br>11. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള നടപടികൾ.<br>12. സർക്കാർ ഗ്യാരണ്ടി സീലിംഗ് നിയമഭേദഗതി ചെയ്യുന്നതിലൂടെ ഈയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കൽ.<br><br>സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയുടെ വികസനം ലക്ഷ്യമാക്കി മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ വിഹിതമാണ് നടപ്പ വർഷം മൂലധന ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിനു പുറമേ കിഫ്ബിയുടെ നിക്ഷേപം അടിസ്ഥാന സൗകര്യ മേഖലയെ ചലനാത്മകമാക്കും. |
| (ഡി) | അവശ്യ സാധനങ്ങളുടെ മേൽ ചുമത്തിയ അഞ്ച് ശതമാനം ജി.എസ്.ടി. നികുതി പൂർണമായി പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സാധാരണക്കാർക്ക് ലൂസ് ആയി വിൽക്കുന്ന അരി, ഗോതമ്പ് തുടങ്ങിയ ധാന്യങ്ങൾക്കും പയർ വർഗങ്ങൾക്കും നികുതി ചുമത്തുവാൻ 47 മത് ജി.എസ്.റ്റി കൗൺസിൽ തീരുമാനമെടുത്തിട്ടില്ല. ആയത് മുൻകാലത്തെ പോലെ തന്നെ നികുതി രഹിതമായി തുടരുകയാണ്. എന്നാൽ രജിസ്റ്റേർഡ് ബ്രാൻഡ് നാമത്തിൽ വിൽക്കുന്ന അരി ഉൾപ്പെടെയുള്ള ധാന്യങ്ങൾക്ക് അഞ്ച് ശതമാനം നികുതിയാണ് നിലവിൽ ഉണ്ടായിരുന്നത്. പല ബ്രാൻഡഡ് കമ്പനികളും ബ്രാൻഡഡ് സാധനങ്ങൾക്കുള്ള നികുതി അടക്കാതെ ഡിക്ലറേഷൻ എഴുതി നികുതി ഒഴിവ് ദുരുപയോഗം ചെയ്ത് വില്പന നടത്തുന്നതായി ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് 47-മത് ജി.എസ്.റ്റി കൗൺസിൽ പരിശോധിക്കുകയും ലൂസ് ആയി വിൽക്കുന്ന ഇത്തരം സാധനങ്ങൾക്ക് മാത്രം നികുതി ഒഴിവ് നില നിർത്തുന്നതിനായി തീരുമാനിക്കുകയും ചെയ്തു. ഈ നികുതി സാധാരണക്കാരെ പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ച് വരുന്നുണ്ട്. SGST നിയമം സെക്ഷൻ 22 പ്രകാരം പ്രതിവർഷം 40 ലക്ഷം രൂപ വരെ വിറ്റുവരവുള്ള വില്പനക്കാർ രജിസ്ട്രേഷൻ |

| | | | |
|---|---|---|---|
| | | | എടുക്കേണ്ട കാര്യമില്ല. ഇവർ നികുതി പിരിക്കേണ്ട കാര്യവുമില്ല. SGST നിയമം സെക്ഷൻ 10 പ്രകാരം പ്രതിവർഷം 1.5 കോടി രൂപ വരെ വിറ്റുവരവുള്ള നികുതിദായകർക്ക് കോമ്പോസിഷൻ സ്കീമിന്റെ സൗകര്യം നൽകുന്നു. ഇത്തരത്തിലുള്ള ഏകദേശം 50,000 കടകൾ കേരളത്തിലുണ്ട്. ഈ രണ്ട് വിഭാഗങ്ങളും ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്നവ ആണ്. ഇവർ ഉപഭോക്താക്കളിൽ നിന്ന് നികുതി ഈടാക്കേണ്ടതില്ല. ഇതേപോലെ അരി ഉപഭോക്താവിന്റെ സാന്നിധ്യത്തിൽ പാക്ക് ചെയ്യുന്ന സ്ഥാപനങ്ങളും നികുതി ഈടാക്കാൻ പാടില്ല. ഈ വിഭാഗത്തിൽപ്പെട്ടവർ നികുതി പിരിക്കുന്നതായി കണ്ടെത്തിയാൽ സംസ്ഥാന ചരക്കു സേവന നികുതി നിയമപ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ